# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 3<br>December 3 | 2018 |
|---|---|

*1193 വൃശ്ചികം 17 തിങ്കൾ*

# പത്രക്കുറിപ്പ് -1

**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**

**പതാകദിനനിധി സമാഹരണം**

സായുധസേനാ പതാകദിനത്തിന്റെ ഭാഗമായുള്ള ജില്ലാതല സായുധനസേനാ പതാക ദിനനിധി സമാഹരണം ഈ മാസം ഏഴിന് രാവിലെ 11ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഉദ്ഘാടനം ചെയ്യും. (പിഎൻപി 3922/18)

**മാനേജ്മെന്റ് ഓഫ് ലേണിംഗ് സിസെബിലിറ്റി കോഴ്സ്**

സ്റ്റേറ്റ് റിസോഴ്സ് സെന്ററിന് കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളജ് സർട്ടിഫിക്കറ്റ് ഇൻ മാനേജ്മെന്റ് ഓഫ് ലേണിംഗ് ഡിസബിലിറ്റി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. വിദൂര വിദ്യാഭ്യാസ രീതിയിൽ നടത്തപ്പെടുന്ന, ആറ് മാസം ദൈർഘ്യമുള്ള കോഴ്സിന് പ്ലസ്ടുവാണ് യോഗ്യത. സ്വയംപഠന സാമഗ്രികൾ, സമ്പർക്ക ക്ലാസുകൾ, പ്രാക്ടിക്കൽ ട്രെയിനിംഗ് എന്നിവ ലഭിക്കും. അപേക്ഷാഫോറവും പ്രോസ്പെക്ടസും 200 രൂപ നിരക്കിൽ തിരുവനന്തപുരത്ത് നന്ദാവനം പോലീസ് ക്യാമ്പിന് സമീപം പ്രവർത്തിക്കുന്ന എസ്ആർസി ഓഫീസിൽ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 15. കൂടുതൽ വിവരം www.src.kerala.gov.in/www.srccc.in എന്നീ വെബ്സൈറ്റുകളിൽ ലഭിക്കും. ഫോൺ: 0471 2325101, 2326101, 9446330827.

(പിഎൻപി 3923/18)

**ക്വട്ടേഷൻ**

വടശേരിക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികൾക്ക് അടിവസ്ത്രങ്ങൾ

സപ്ലൈ ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ഫോൺ: 04735 227703.

(പിഎൻപി 3924/18)

## സൗദി ആരോഗ്യമന്ത്രാലയം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ തേടുന്നു

സൗദി ആരോഗ്യമന്ത്രാലയത്തിന്റെ കീഴിൽ വിവിധ ആശുപത്രികളിലേക്ക് കൺസൾട്ടന്റ്, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ നിയമനത്തിന് നോർക്ക റൂട്ട്സ് അപേക്ഷ ക്ഷണിച്ചു. ഫാമിലി മെഡിസിൻ, ജനറൽ സർജറി, ഐസിയു, ഇന്റേണൽ മെഡിസിൻ, ഒബ്സ്റ്റെട്രിക്സ് ആൻഡ് ഗൈനക്കോളജി എന്നിവയിൽ കൺസൾട്ടന്റ്, സ്പെഷ്യലിസ്റ്റ് തസ്തികകളിൽ നിയമനത്തിനാണ് അപേക്ഷ ക്ഷണിച്ചത്. കൺസൾട്ടന്റ് ഡോക്ടർമാർക്ക് 227233 – 413644 രൂപ അടിസ്ഥാനശമ്പളവും 12435 രൂപ പ്രതിവർഷ പ്രവൃത്തിപരിചയ അലവൻസും ലഭിക്കും. സ്പെഷ്യലിസ്റ്റുകൾക്ക് 173255 – 314983 രൂപ അടിസ്ഥാന ശമ്പളവും 9449 രൂപ പ്രതിവർഷ പ്രവൃത്തിപരിചയ അലവൻസുമാണ് പ്രതിഫലം. കൂടാതെ, വിമാനടിക്കറ്റ് ഉൾപ്പെടെ 30 ദിവസം ശമ്പളത്തോടെ അവധിയും രണ്ടാമത്തെ വർഷം മുതൽ ഫാമിലി സ്റ്റാറ്റസും ലഭിക്കും.

ഡിസംബർ 10,11,12 തീയതികളിൽ കൊച്ചിയിലും 14,15 തീയതികളിൽ കൽക്കത്തയിലും 17,18,19 തീയതികളിൽ ന്യൂഡൽഹിയിലുമാണ് ഇന്റർവ്യൂ. താൽപര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, പാസ്പോർട്ട് എന്നിവയുടെ പകർപ്പും ബയോഡേറ്റ, ഫോട്ടോ എന്നിവയും സഹിതം rquery.norka@kerala.gov.in എന്ന മെയിൽ വിലാസത്തിൽ ഡിസംബർ ഏഴിനകം അപേക്ഷിക്കണമെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.norkaroots.net, 24 മണിക്കൂർ കാൾ സെന്റർ നമ്പർ 1800 425 3939.

(പിഎൻപി 3925/18)

## വികസന സെമിനാർ ഇന്ന് (4)

പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിലെ 2019-20 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വികസന സെമിനാർ ഇന്ന് (4) രാവിലെ 10ന് തട്ട ഗവൺമെന്റ് എൽപിഎസിൽ നടക്കും.

(പിഎൻപി 3926/18)

## നികുതിപിരിവ് യജ്ഞം

പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്താഫീസിൽ ഒടുക്കുവരുത്തേണ്ട കെട്ടിട നികുതി സ്വീകരിക്കുന്നതിന് ഈ മാസം 10 മുതൽ 22 വരെ ഊർജിത നികുതിപിരിവ് യജ്ഞം നടത്തും.

ഒന്നാം വാർഡിലേത് 10ന് ദേവരുക്ഷേത്രത്തിലും രണ്ടിലേത് 14ന് പുലിയംമഠത്തിലും മൂന്നിലേത് 21ന് പടുകോട്ടുക്കൽ പിഎച്ച്സിയിലും നാലിലേത് 12ന് കീരുകുഴി ജംഗ്ഷനിലും അഞ്ചിലേത് 14ന് എസ്.സി.ബി.442ലും ആറിലേത് 10ന് ഒരിപ്പുറം വായനശാലിയിലും ഏഴിലേത് 17ന് തൊലുഴം ജംഗ്ഷനിലും എട്ടിലേത് 22ന് പാറക്കര എൻഎസ്എസ്എൽപിഎസിലും ഒമ്പതിലേത് 12ന് ചാങ്ങോട്ടുമലയിൽ അങ്കണവാടിയിലും പത്തിലേത് 19ന് മല്ലിക കിഴക്കേക്കരപടി ജംഗ്ഷനിലും പതിനൊന്നിലേത് 21ന് മാമ്മൂട് ജംഗ്ഷനിലും പന്ത്രണ്ടിലേത് 19ന് വയണമൂട് ജംഗ്ഷനിലും പതിമൂന്നിലേത് 22ന് ചെറിലയം ജിഎൽപിഎസിലും പതിനാലാം വാർഡിലേത് 17ന് പറന്തൽ ജംഗ്ഷനിലുമാണ് പിരിവ് കളക്ഷൻ ക്യാമ്പുകൾ നടത്തുക. രാവിലെ 10 മുതൽ ഉച്ചയ്ക്ക് ശേഷം മൂന്ന് വരെ ക്യാമ്പ് പ്രവർത്തിക്കും.

(പിഎൻപി 3927/18)

## ലൈഫ് സര്‍ട്ടിഫിക്കറ്റ് ഹാജരാക്കണം

രണ്ടാം ലോകമഹായുദ്ധ സേനാനികള്‍ക്കും വിധവകള്‍ക്കും 2018-19 വര്‍ഷത്തേക്കുള്ള പ്രതിമാസ സാമ്പത്തിക സഹായം തുടര്‍ന്ന് ലഭിക്കുന്നതിന് ഈ മാസം 20ന് മുമ്പ് ഒപ്പിട്ട ലൈഫ് സര്‍ട്ടിഫിക്കറ്റ് ജില്ലാ സൈനിക ക്ഷേമ ഓഫീസില്‍ നല്‍കണം. ഫോണ്‍: 0468 2222104. (പിഎന്‍പി 3928/18)

## ബി.എസ്.സി/ഡിപ്ലോമ നഴ്സുമാരെ സ്കൈപ്പ് ഇന്‍റര്‍വ്യൂ ചെയ്യുന്നു

സൗദി അറേബ്യയിലെ അല്‍-മൗവ്വാസാത്ത് ഹെല്‍ത്ത് ഗ്രൂപ്പിലേക്ക് ബി.എസ്.സി / ഡിപ്ലോമ നഴ്സുമാരെ (സ്ത്രീകള്‍ മാത്രം) നിയമിക്കുന്നതിനായി ഒഡെപെക് ഈ മാസം 12ന് തിരുവനന്തപുരം വഴുതക്കാട് ഓഫീസില്‍ സ്കൈപ്പ് ഇന്‍റര്‍വ്യൂ ചെയ്യും. പങ്കെടുക്കുവാന്‍ താത്പര്യമുള്ളവര്‍ ബയോഡേറ്റ, സര്‍ട്ടിഫിക്കറ്റുകളുടെ പകര്‍പ്പുകള്‍ എന്നിവ സഹിതം odepcmou@gmail.com എന്ന ഇ-മെയിലില്‍ അപേക്ഷിക്കണം. കൂടുതല്‍ വിവരം www.odepc.kerala.gov.in എന്ന വെബ്സൈറ്റില്‍ ലഭിക്കും. ഫോണ്‍: 0471 2329440/41/42/43/45. (പിഎന്‍പി 3929/18)

## കോഴിത്തോട് നവീകരണം: സംഘാടക സമിതിയോഗം ഇന്ന് (4)

ജില്ലയിലെ നദി പുനരുജ്ജീവന പ്രവര്‍ത്തനങ്ങള്‍ക്ക് കൂടുതല്‍ ഊര്‍ജം പകരുന്നതിനായി നാരങ്ങാനം, ഇലന്തൂര്‍, മല്ലപ്പുഴശേരി, ആറന്മുള എന്നീ ഗ്രാമപഞ്ചായത്തുകളിലൂടെ ഒഴുകുന്ന കോഴിത്തോടിന്‍റെ നവീകരണ പ്രവര്‍ത്തനങ്ങള്‍ ഈ മാസം എട്ടിന് ആരംഭിക്കും. ഇതിന്‍റെ ഭാഗമായി ഇന്ന് ഉച്ചയ്ക്ക് ശേഷം രണ്ടിന് ഇലന്തൂര്‍ ബ്ലോക്ക് പഞ്ചായത്ത് ഹാളില്‍ സംഘാടക സമിതിയോഗം ചേരും. (പിഎന്‍പി 3930/18)

### പ്രത്യേക പത്രക്കുറിപ്പ്

## ഇന്ന് (4) രാത്രി പ്രവര്‍ത്തിക്കുന്ന മെഡിക്കല്‍ സ്റ്റോറുകള്‍

ശബരിമല തീര്‍ഥാടനത്തോടനുബന്ധിച്ച് ജില്ലയില്‍ ഇന്ന് (4) രാത്രി പ്രവര്‍ത്തിക്കുന്ന മെഡിക്കല്‍ സ്റ്റോറുകള്‍: നീതി മെഡിക്കല്‍ സ്റ്റോര്‍ പത്തനംതിട്ട, മാവേലി മെഡിക്കല്‍ സ്റ്റോര്‍ കോന്നി, മുത്തൂറ്റ് ഹോസ്പിറ്റല്‍ കോഴഞ്ചേരി, കരുവാറ്റ മെഡിക്കല്‍സ് അടൂര്‍, ന്യൂ എക്സല്‍ മെഡിക്കല്‍സ് പന്തളം, ജോസ് ആന്‍ഡ് സണ്‍സ് മെഡിക്കല്‍സ് തിരുവല്ല, സെന്‍റ് തോമസ് ഡ്രസ് ഹൗസ് ഇട്ടിയപ്പാറ റാന്നി, നീതി മെഡിക്കല്‍ സ്റ്റോര്‍ പെരുനാട്.

(പ്രത്യേക പത്രക്കുറിപ്പ് 50/18)


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.


ഇന്‍ഫര്‍മേഷന്‍&പബ്ലിക് റിലേഷന്‍സ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 3<br>December 3 | 2018 |
|---|---|

*1193 വൃശ്ചികം 17 തിങ്കൾ*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ഉപഭോക്തൃ സംരക്ഷണ അവാർഡിന് അപേക്ഷിക്കാം**

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഉപഭോക്തൃസംഘടനകളിൽ നിന്നും 2017ലെ രാജീവ്ഗാന്ധി സംസ്ഥാന ഉപഭോക്തൃ അവാർഡിന് അപേക്ഷ ക്ഷണിച്ചു. ഉപഭോക്തൃ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുകയും മൂന്ന് വർഷത്തെയെങ്കിലും പ്രവർത്തന പരിചയവുമുള്ള സംഘടനകൾക്ക് അപേക്ഷിക്കാം. അപേക്ഷ ഈ മാസം 15ന് മുമ്പ് സെക്രട്ടറി, ഉപഭോക്തൃകാര്യ വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരം ഉപഭോക്തൃകാര്യ വകുപ്പ്, പൊതുവിതരണ വകുപ്പ് ഡയറക്ടറേറ്റ്, ജില്ലാ കളക്ടറേറ്റ്, ജില്ലാ സപ്ലൈ ഓഫീസ് എന്നിവിടങ്ങളിൽ ലഭിക്കും. (പിഎൻപി 3931/18)

**ഉൾനാടൻ സമ്പാദ്യ സമാശ്വാസ പദ്ധതി**

സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലയിൽ നടപ്പാക്കി വരുന്ന ഉൾനാടൻ സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ അംഗീകൃത മത്സ്യത്തൊഴിലാളികൾക്ക് അപേക്ഷിക്കാം. മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വമുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികളായിരിക്കണം അപേക്ഷകർ. പ്രായം 18നും 60നും മധ്യേ. പദ്ധതിയിൽ അംഗങ്ങളാകാൻ ആഗ്രഹിക്കുന്നവർ, മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡിൽ 2018 മാർച്ച് മാസം വരെ തുക അടച്ചതിന്റെ രസീത്, ക്ഷേമനിധി പാസ്ബുക്ക്, റേഷൻകാർഡ്, ഏതെങ്കിലും ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കിൽ അക്കൗണ്ട് എടുത്ത പാസ് ബുക്കിന്റെ പകർപ്പ്,

കഴിഞ്ഞ ആറ് മാസത്തിനകം എടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, ഡിസംബർ മാസ ഗുണഭോക്തൃവിഹിതം രണ്ട് ഗഡു എന്നിവ സഹിതം പന്നിവേലിച്ചിറ ഫിഷറീസ് കോംപ്ലക്സ് ഓഫീസിൽ ഡിസംബർ മാസം 20, 21 തീയതികളിൽ രാവിലെ 11 നും വൈകിട്ട് നാലിനുമിടയിൽ നേരിട്ട് ഹാജരായി പേര് രജിസ്റ്റർ ചെയ്യണം. തുടർന്ന് ഡിസംബർ മാസം 31 വരെയുള്ള തീയതികളിൽ ഗുണഭോക്താക്കൾക്ക് പത്തനംതിട്ട ഫിഷറീസ് ജില്ലാ ഓഫീസിൽ വിഹിതം അടയ്ക്കാം കൂടുതൽ വിവരം ജില്ലാ ഫിഷറീസ് ആഫീസിൽ ലഭിക്കും. ഫോൺ: 0468 2223134. (പിഎൻപി 3932/18)

## വോട്ടർ പട്ടിക പുതുക്കൽ പുരോഗതി വിലയിരുത്തി

പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള വോട്ടർ പട്ടിക പുതുക്കൽ പുരോഗതി ജില്ലയുടെ ഇലക്ടറൽ റോൾ ഒബ്സർവർ മിനി ആന്റണിയുടെ അധ്യക്ഷതയിൽ തിരുവല്ല പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസിൽ ചേർന്ന ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ യോഗത്തിൽ വിലയിരുത്തി. സാങ്കേതിക പ്രശ്നം മൂലം അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുവാൻ കാലതാമസം നേരിടുന്നതായി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അറിയിച്ചു. ഒരു കുടുംബത്തിലുള്ള അംഗങ്ങളെ ഏകീകരിക്കുന്നതിനും ഇലക്ഷൻ കമ്മീഷൻ തയ്യാറാക്കിയിട്ടുള്ള ഡി ഡ്യൂപ്ലിക്കേഷൻ സോഫ്റ്റ്വെയർ ഉപയോഗിച്ച് ഇരട്ടിപ്പ് ഉണ്ടെങ്കിൽ അവരെ വോട്ടർ പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതിനും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകി. (പിഎൻപി 3933/18)

## എച്ച്1 എൻ1; ആശങ്കപ്പെടേണ്ടതില്ല - ജില്ലാ മെഡിക്കൽ ഓഫീസർ

ജില്ലയിൽ ചിലയിടങ്ങളിൽ എച്ച് വൺ എൻ വൺ പനി റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ആശങ്കപ്പെടേണ്ടതില്ലെന്നും ഇത് പടർന്നുപിടിക്കാതിരിക്കാൻ ജാഗ്രത പാലിക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ.എ.എൽ.ഷീജ അറിയിച്ചു.

ഇത് ഒരു വൈറസ് രോഗമാണ്. രോഗിയുടെ മൂക്കിലും വായിലുമുള്ള സ്രവങ്ങളിലൂടെയാണ് രോഗം മറ്റൊരാളിലേക്ക് പകരുന്നത്. രോഗി ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും വൈറസ് മറ്റൊരാളിലേക്ക് പകരാം.

**രോഗലക്ഷണങ്ങൾ**

പനി, ജലദോഷം, ചുമ, തൊണ്ടവേദന, ശരീരവേദന, ശ്വാസം മുട്ടൽ എന്നിവയാണ് രോഗലക്ഷണങ്ങൾ. ചിലരിൽ ഛർദിയും വയറിളക്കവുമുണ്ടാകാം.

ഗർഭിണികളും വയോധികരും പ്രമേഹം, ആസ്ത്മ, ഹൃദ്രോഗം, കരൾ രോഗം, വൃക്ക രോഗം, രക്താതിസമ്മർദം തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരും ഡോക്ടറുടെ സേവനം തേടണം.

**രോഗപ്പകർച്ച എങ്ങനെ തടയാം**

തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും മൂക്കും വായും ടൗവ്വൽ/ടിഷ്യൂ പേപ്പർ കൊണ്ട് മൂടിപ്പിടിക്കണം. കൈകൾ കൂടെക്കൂടെ സോപ്പ് ഉപയോഗിച്ച് കഴുകണം. പനിയുള്ളവർ പൊതു സ്ഥലങ്ങളിലും തിരക്കുള്ള സ്ഥലങ്ങളിലും പോകരുത്. പനിയുള്ളവർ മറ്റുള്ളവരിൽ നിന്നും ഒരു മീറ്ററെങ്കിലും അകലം പാലിക്കണം. രോഗിക്കായി പ്രത്യേക മുറി ഏർപ്പെടുത്തണം. ഒരാൾ മാത്രം രോഗിയുടെ പരിചരണ ചുമതല ഏറ്റെടുക്കുക. രോഗിക്ക് വിശ്രമം ആവശ്യമാണ്. കൂടാതെ പോഷകാഹാരങ്ങളും പാനീയങ്ങളും ധാരാളമായി കഴിക്കണം.

**എച്ച് വൺ എൻ വൺ ചികിത്സ**

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വരെയുള്ള സർക്കാർ ആശുപത്രികളിൽ നിന്നും ഒസൾട്ടാമിവിർ ഗുളിക സൗജന്യമായി ലഭിക്കും. നിലയ്ക്കൽ, പമ്പ, നീലിമല, അപ്പാച്ചിമേട്, സന്നിധാനം എന്നിവിടങ്ങളിലുള്ള സർക്കാർ ആശുപത്രികളിലും ആവശ്യത്തിന് മരുന്ന്

സ്റ്റോക്ക് ചെയ്തിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിൽ നിന്നും മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ഡോക്ടറുടെ നിർദേശാനുസരണം ഒസെൽട്ടാമിവിർ ഗുളിക ലഭിക്കുമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

(പിഎൻപി 3934/18)

## വാക്ക്–ഇൻ–ഇന്റർവ്യൂ ഇന്ന് (4)

വള്ളിക്കോട് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ താത്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ ക്ലാർക്കിന് നിയമിക്കുന്നതിന് ഇന്ന് ഉച്ചയ്ക്ക് ശേഷം 2.30ന് ഗ്രാമപഞ്ചായത്ത് ഓഫീസിൽ വാക്ക്–ഇൻ–ഇന്റർവ്യൂ നടക്കും. പത്താം ക്ലാസ് കഴിഞ്ഞവർക്ക് പങ്കെടുക്കാം. (പിഎൻപി 3935/18)

## ശബരിമല തീർത്ഥാടനം :
## നിലയ്ക്കലിലെ സൗകര്യങ്ങളിൽ പൂർണ തൃപ്തിയറിയിച്ച് നിരീക്ഷക സമിതി

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് നിലയ്ക്കലിൽ ഒരുക്കിയിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ പൂർണ തൃപ്തിയെന്ന് ഹൈക്കോടതി നിയോഗിച്ച ശബരിമല നിരീക്ഷകസമിതി. ജസ്റ്റിസ് പി.ആർ രാമൻ, ജസ്റ്റിസ് എസ്.സിരിജഗൻ, ഡിജിപി എ.ഹേമചന്ദ്രൻ എന്നിവരുൾപ്പെട്ട ഹൈക്കോടതി നിരീക്ഷക സമിതിയാണ് നിലയ്ക്കലെ അടിസ്ഥാന സൗകര്യങ്ങൾ നേരിട്ട് വിലയിരുത്തിയത്. ശബരിമല തീർത്ഥാടനത്തിന്റെ പ്രധാന ഇടത്താവളമായ നിലയ്ക്കൽ ഉൾപ്പെടെ കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ സൗകര്യങ്ങൾ ഒരുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും സമിതി വിലയിരുത്തി.

ഉച്ചയോടെ എത്തിയ സമിതി നിലയ്ക്കൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ വിലയിരുത്തി. പുതുതായി നിർമ്മിച്ച വിരി വയ്ക്കാനുള്ള ഷെഡ്, നിലയ്ക്കലെ കുടിവെള്ള പ്ലാന്റ്, യു വി ആർ.ഒ പ്ലാന്റ്, കിയോസ്കുകൾ, ശൗചാലയങ്ങൾ, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ്, കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ വിശ്രമസ്ഥലം, പൊലീസ് ബങ്കർ, പ്രാഥമികാരോഗ്യകേന്ദ്രം തുടങ്ങിയവ സന്ദർശിച്ചു. വൈകിട്ട് മൂന്ന് മണിയോടെ പമ്പയിലേക്ക് പരിശോധനയ്ക്കായി സമിതി തിരിച്ചു. സന്നിധാനത്ത് ഒരുക്കിയിട്ടുള്ള ക്രമീകരണങ്ങൾ സമിതി ഇന്ന് (4) വിലയിരുത്തും. ശബരിമല സ്പെഷ്യൽ കമ്മീഷണർ എം.മനോജ്, കെ.എസ്.ആർ.ടി.സി സി എം.ഡി ടോമിൻ തച്ചങ്കരി, ഇന്റലിജൻസ് ഐജി അശോക് യാദവ്, എ.ഡി.എം പി.ടി ഏബ്രഹാം, ശബരിമല എ.ഡി.എം വി.ആർ പ്രേംകുമാർ, ദുരന്തനിവാരണവിഭാഗം ഡെപ്യൂട്ടി കളക്ടർ എസ്.ശിവപ്രസാദ്, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ സംഘത്തെ അനുഗമിച്ചു. (പിഎൻപി 3936/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ശബരിമലയിൽ ഹൈക്കോടതി നിയോഗിച്ചിട്ടുള്ള നിരീക്ഷക സമിതി അംഗങ്ങൾ നിലയ്ക്കൽ ബേസ് ക്യാമ്പിലെ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിക്കുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.








